# Global Pookkalam Competition by Kerala Tourism

## Terms & Conditions

Kerala Tourism intends to organise a Global Pookkalam Competition for people around the world as part of its Onam 2021 celebrations. The program encourages people (the "participant(s)") to create Pookkalam (Floral carpet) and submit two photographs of the same under the following categories - Individuals and Institution/Associations. A Judging Committee will choose the winning entries, and prizes will be awarded in accordance with the Terms & Conditions of this Contest listed herein after:

1. The Global Pookkalam Competition is organised by the Department of Tourism, Government of Kerala, ("Kerala Tourism") Park View, Thiruvananthapuram, India and is being executed on behalf of Kerala Tourism by the ICT Solution Provider, M/s Invis Multimedia Private Limited, Pandit Colony, Kaudiar, Thiruvananthapuram, India.

2. The Global Pookkalam Competition (the "Contest") is open to all individuals, institutions, associations/organisations within Kerala and outside Kerala.

3. There is no age limit for this contest.

4. There is no entry fee for this Contest.

5. The Contest begins on August 13, 2021 and will conclude on August 23, 2021 midnight (IST) ("Contest Period"). Both dates are subject to change.

6. All the participants are requested to carefully read, understand and agree with the Terms & Conditions prior to entry as they form a legally binding agreement with respect to this Contest. Further, the participant agrees that the submission of an entry in the Contest constitutes their agreement to the Terms and Conditions of the Contest.

7. Participants can register with the link: www.keralatourism.org/contest/pookkalam2021/. Upon successful registration, each participant will receive a registration code. Participants should mark the registration code on the floor beside the Pookkalam (Floral Carpet) in a legible format.

8. Each participant can sign in using the ‘Log in’ credentials given at the time of registration and submit a maximum of five (5) entries per category.

9. Each entry should contain two images - 1) a photo of the Pookkalamalong with the registration code. 2) Photo of participant (s) with/without family members alongside the Pookkalam, a title and a description.Entries without registration code in the prescribed format would be summarily rejected.

10. Image file must be in .jpg format, having a minimum 1 mb and not exceeding 5 mbin size.

11. In case of any technical issues while uploading photos, participants may write to contest@keralatourism.org

12. Contest Admin will carry out an initial scrutiny of the nominations. Entries that fulfil all the requirements will be given approval. Entries that violate the Terms and Conditions of the Contest will be summarily rejected.

13. Upon successful submission of the entry, participants will get a confirmation email with a link to the published page, which they may share on their social media platforms to garner public support.

14. The appreciationreceived from the public for each entry will also be taken into consideration while evaluating them.

15. Kerala Tourism or its ICT Solutions Provider will not be responsible for any malfunction of the Contest website or the server hosting the site or malfunction/failure of telecommunication transmission, network connectivity, hardware/software failures of any kind or reasons coming under the Act of God (Vis major).

16. The Contest entry must not:1) Contain any content, material or element that is unlawful, or otherwise is in violation of or contrary to all applicable national, state or local laws and regulations.2) Use any content, material, or element that is owned by a third party or entity or that violates a third party's publicity, privacy or intellectual property rights. 3) Contain any content that may adversely affect the tourism prospects of the State.

17. In case of any fraud or mischief found on the part of the participant, he/she will be disqualified from this Contest.

18. An expert or a panel of experts approved by the Department of Tourism, Government of Kerala, will initially scrutinize the entries as and when received.

19. This committee will screen the entries, and select the best 100 among them. However, Kerala Tourism reserves the right to decide the number of entries to be published on the website after screening.

20. A judging committee,appointed by Department of Tourism, will decide the winners. Kerala Tourism reserves the right to choose the members of the judging committee.

21. Kerala Tourism reserves the right to change the Terms and Conditions of the Contest, including prizes, extend the period of or discontinue the Contest without notice, without assigning any reason at its sole and absolute discretion, and without any liability. Kerala Tourism also reserves the right to cancel the Contest partly or fully or modify the Contest partly or fully without

assigning any specific reason at any time. The decision of Kerala Tourism in all matters relating to this Contest will be final and binding. The Contestant should be willing to accept the decision of the judging committee as the final decision in this matter.

22. All national, state and local laws and regulations within the boundary of the Republic of India will be applicable. Only the courts of Thiruvananthapuram District will have jurisdiction on any matter or dispute arising from this Contest.

23. The Secretary to Government of Kerala, Department of Tourism, will be the final authority to decide and/or settle any dispute of whatsoever nature arising out of or connected to this Contest, and the decision of the Secretary will be final and non-appealable in all such matters.

24. By participating in this Contest, the participant agrees to give Kerala Tourism a royalty-free, irrevocable, transferable, assignable, perpetual, non-exclusive license to use, reproduce, modify and publish the photograph for promotional or marketing purposes.

25. Participants should agree that personal data submitted for the Contest, including their names, and all contact details may be collected, processed, stored and otherwise used by Kerala Tourism, or/by its ICT Solutions Provider on behalf of Kerala Tourism to conduct and administer the Contest or for the marketing or promotional activities of Kerala Tourism.

26. The participant should agree to indemnify and agree to keep indemnified Kerala Tourism and its ICT Solutions Provider permanently from and against any third party liability, claims, demands, losses, damages and expenses resulting from any act, default or omission of the Entrant and/or a breach of any warranty set forth herein.

**27. Gifts for the winners.**

Individuals - Within Kerala - Three Winners - I, II and III
Institutions/Associations- Within Kerala - Three Winners - I, II and III
Consolation prizes: Total 20 prizes - 10 each

Individuals - Outside Kerala - Three Winners - I, II and III
Institutions/Associations - Outside Kerala - Three Winners - I, II and III
Consolation prizes: Total 20 prizes - 10 each

Besides, all participants (except those who win the 52 prizes mentioned above) will be given a special ‘Onam Gift’.

28. All participants can download their digital Certificate of Participation from the website.

29. There is no cash alternative, and the prizes must be collected as offered.

30. By participating in this Contest, contestants agree to be bound by all of the above-mentioned Terms and Conditions and by Kerala Tourism's decisions, which will be final and binding on all matters pertaining to this Contest.

കേരള ടൂറിസം സംഘടിപ്പിക്കുന്ന ലോക പൂക്കള മത്സരം: നിയമാവലി

ഈ വർഷത്തെ ഓണാഘോഷങ്ങളുടെ ഭാഗമായി കേരള ടൂറിസം ലോക പൂക്കള മത്സരം സംഘടിപ്പിക്കുന്നു. കോവിഡിന്റെ സാഹചര്യത്തിൽ വെർച്വൽ ആയാണ് ഇത്തവണ ഓണാഘോഷങ്ങൾ നടത്തുന്നത്. ഇതിന്റെ ഭാഗമായി ഓൺലൈനായാണ് പൂക്കള മത്സരം ഒരുക്കുന്നത്. വ്യക്തിഗത തലത്തിലും സ്ഥാപനങ്ങൾക്കും സംഘടനകൾക്കുമായി ഗ്രൂപ്പ് തലത്തിലും രണ്ട് വിഭാഗമായാണ് മത്സരം. വിധികർത്താക്കളുടെ സമിതി സമ്മാനാർഹരെ തെരഞ്ഞെടുക്കും. മത്സരത്തിന്റെ നിയമാവലി താഴെ കൊടുക്കുന്നു:

കേരള സംസ്ഥാന വിനോദസഞ്ചാര വകുപ്പാണ് (കേരള ടൂറിസം) ലോക പൂക്കള മത്സരം സംഘടിപ്പിക്കുന്നത്. മത്സരത്തിന്റെ സംഘാടന ചുമതല നിർവഹിക്കുന്നത് കേരള ടൂറിസത്തിന്റെ ഐസിടി സൊലൂഷ്യൻ പ്രൊവൈഡറായ ഇൻവിസ് മൾട്ടിമീഡിയ (ഇൻവിസ് മൾട്ടിമീഡിയ പ്രൈവറ്റ് ലിമിറ്റഡ്, പണ്ഡിറ്റ് കോളനി, കവടിയാർ, തിരുവനന്തപുരം) ആണ്.

ലോക പൂക്കള മത്സരത്തിൽ കേരളത്തിനകത്തും പുറത്തുമുള്ള ഏതു വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സംഘടനകൾക്കും പങ്കെടുക്കാം.

മത്സരത്തിൽ പങ്കെടുക്കാൻ പ്രായപരിധിയും എൻട്രി ഫീസും ഇല്ല.

മത്സരം ആരംഭിക്കുന്നത് 2021 ഓഗസ്റ്റ് 13 ാം തിയതിയും അവസാനിക്കുന്നത് 2021 ഓഗസ്റ്റ് 23ന് ഇന്ത്യൻ സമയം അർദ്ധരാത്രിയുമാണ്. (മത്സര സമയം) ഇരു തിയതികൾക്കും മാറ്റം ബാധകമാണ്.

നിയമാവലി മത്സരത്തിന്റെ നിയമാനുസൃതമായ കരാർ ആയതിനാൽ മത്സരാർത്ഥികൾ ഇത് ശ്രദ്ധാപൂർവം വായിച്ച് മനസിലാക്കിയതിനു ശേഷം വേണം മത്സരത്തിൽ പങ്കെടുക്കാൻ. അതനുസരിച്ച് മത്സരാർത്ഥി അയയ്ക്കുന്ന എൻട്രി മത്സരത്തിന്റെ നിയമാവലിയ്ക്ക് അനുസൃതമായിരിക്കും.

മത്സരാർത്ഥികൾക്ക് www.keralatourism.org/contest/pookkalam2021/ എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. വിജയകരമായി രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന ഓരോരുത്തർക്കും ലഭിക്കുന്ന ലോഗിൻ ക്രെഡൻഷ്യൽ ഉപയോഗിച്ച് ലോഗിൻ ചെയ്യാം.

രജിസ്ട്രേഷൻ പൂർത്തിയാക്കുമ്പോൾ നിങ്ങൾക്കൊരു രജിസ്ട്രേഷൻ കോഡ് ഇമെയിലായി ലഭിക്കും. ഈ കോഡ് പൂക്കളത്തിനരികെ വായിക്കാൻ കഴിയുന്ന രീതിയിൽ രേഖപ്പെടുത്തണം.

ഓരോ എൻട്രിയിലും രണ്ട് ഫോട്ടോകൾ ഉണ്ടായിരിക്കണം. 1) രജിസ്ട്രേഷൻ കോഡ് വായിക്കാവുന്ന രീതിയിലുള്ള പൂക്കളത്തിന്റെ ഫോട്ടോ. 2) മത്സരാർത്ഥി(കളുടെ) ചിത്രം – പൂക്കളത്തിനരികെ കുടുംബസമേതമോ അല്ലാതെയോ ഉള്ളത്. എൻട്രികൾക്ക് ശീർഷകവും ചെറുവിവരണവും ഉണ്ടായിരിക്കണം. ഓരോ വിഭാഗത്തിലും പരമാവധി അഞ്ച് (5) എൻട്രികൾ വരെ നൽകാവുന്നതാണ്. രജിസ്ട്രേഷൻ കോഡ് ഇല്ലാത്ത എൻട്രികൾ അസാധുവായി കണക്കാക്കും.

ഫോട്ടോ .jpg ഫോർമാറ്റിൽ ആയിരിക്കണം. കുറഞ്ഞ സൈസ് 1mb. പരമാവധി 5 mbയിൽ കൂടരുത്. ഫോട്ടോ അപ്‌ലോഡ് ചെയ്യുമ്പോൾ ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക തടസമുണ്ടായാൽ മത്സരാർത്ഥികൾക്ക് contest@keralatourism.org എന്ന വിലാസത്തിലേക്ക് എഴുതാവുന്നതാണ്.

അപ്‌ലോഡ് / ഷെയർ ചെയ്ത എൻട്രികൾ മത്സരത്തിന്റെ അഡ്മിൻ പരിശോധിക്കുന്നതാ

യിരിക്കും. നിയമാവലിക്കു വിരുദ്ധമായ എൻട്രികൾ സ്വീകരിക്കുന്നതല്ല. അല്ലാത്തവയ്ക്ക് അപ്രൂവൽ നൽകുന്നതായിരിക്കും.

എൻട്രികൾ സബ്മിറ്റ് ചെയ്തുകഴിഞ്ഞാൽ പബ്ലിഷ് ചെയ്ത പേജിലേക്കുള്ള ലിങ്ക് സഹിതം ഒരു ഇമെയിൽ മത്സരാർത്ഥികൾക്ക് ലഭിക്കുന്നതാണ്. ഇത് പൊതുജന പിന്തുണയ്ക്കായി അവർക്ക് സമൂഹമാധ്യമങ്ങളിൽ ഷെയർ ചെയ്യാവുന്നതാണ്. ഓരോ എൻട്രിയ്ക്കും ലഭിക്കുന്ന പൊതുപിന്തുണ മൂല്യനിർണയവേളയിൽ പരിഗണിക്കുന്നതാണ്.

മത്സര വെബ്സൈറ്റിനോ ഹോസ്റ്റ് ചെയ്യുന്ന സെർവറിനോ ഉണ്ടാകാനിടയുള്ള എന്തെങ്കിലും തകരാറ്, നെറ്റ്വർക്ക് കണക്റ്റിവിറ്റി പ്രശ്നം, ട്രാൻസ്മിഷൻ തകരാറ്, ഹാർഡ്വെയർ/സോഫ്റ്റ്വെയർ തകരാറ് തുടങ്ങി അപ്രതീക്ഷിതമായി സംഭവിക്കാവുന്ന തടസങ്ങൾക്ക്(വിസ് മേജർ) കേരള ടൂറിസമോ ഐസിടി സൊലൂഷ്യൻസ് പ്രൊവൈഡറോ ഉത്തരവാദി ആയിരിക്കില്ല.

മത്സരത്തിനുള്ള എൻട്രിയിൽ താഴെ പറയുന്നവ ഉണ്ടായിരിക്കരുത്:

1) ദേശീയ, സംസ്ഥാന, തദ്ദേശ നിയമങ്ങൾക്ക് അപവാദമാകുന്നതോ കുറ്റകരമായതോ ആയ ഉള്ളടക്കമോ വസ്തുതയോ.
2) മറ്റൊരാളുടെ ഉടമസ്ഥതയിലുള്ള ഉള്ളടക്കത്തിന്റെയോ വസ്തുവിന്റെയോ അതല്ലെങ്കിൽ മറ്റൊരാളുടെ പൊതു, സ്വകാര്യ, ബൗദ്ധിക അവകാശങ്ങളെ ഹനിക്കുന്ന തരത്തിലുള്ള ഉള്ളടക്കത്തിന്റെയോ വസ്തുവിന്റെയോ ഉപയോഗം.
3) സംസ്ഥാന ടൂറിസത്തെ മോശമായി ബാധിക്കുന്ന തരത്തിലുള്ള ഉള്ളടക്കം.

മത്സരാർത്ഥിയുടെ ഭാഗത്തു നിന്ന് എന്തെങ്കിലും തരത്തിലുള്ള കൃത്രിമമോ വഞ്ചനയോ കണ്ടാൽ ആ വ്യക്തിയെ മത്സരത്തിൽ നിന്ന് പുറത്താക്കുന്നതാണ്.

സംസ്ഥാന ടൂറിസം വകുപ്പ് നിയോഗിക്കുന്ന ഒരു വിദഗ്ധനോ വിദഗ്ധ സമിതിയോ ആയിരിക്കും എൻട്രികൾ ആദ്യം വിലയിരുത്തുന്നത്. ഈ സമിതി എൻട്രികൾ പരിശോധിച്ച് അതിൽ നിന്നും മികച്ച 100 എണ്ണം തെരഞ്ഞെടുക്കും. പരിശോധനയ്ക്കു ശേഷം വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്ന എൻട്രികളുടെ എണ്ണത്തിൽ അന്തിമ തീരുമാനം കേരള ടൂറിസത്തിന്റേതായിരിക്കും. വിജയികളെ മൂല്യനിർണയ സമിതി തീരുമാനിക്കും. മൂല്യനിർണയ സമിതിയെ തെരഞ്ഞെടുക്കാനുള്ള അധികാരം കേരള ടൂറിസത്തിനാണ്.

മുന്നറിയിപ്പോ കാരണമോ കൂടാതെ മത്സരത്തിയതി നീട്ടാനോ മത്സരം റദ്ദാക്കാനോ മത്സരത്തിന്റെ നിയമാവലി, സമ്മാനങ്ങൾ എന്നിവ മാറ്റാനോ ഉള്ള അധികാരം കേരള ടൂറിസത്തിൽ നിക്ഷിപ്തമായിരിക്കും. ഈ മത്സരവുമായി ബന്ധപ്പെട്ടുള്ള ഏതുവിഷയത്തിലും കേരള ടൂറിസത്തിന്റെ തീർപ്പ് അന്തിമമായിരിക്കും. മൂല്യനിർണയ സമിതിയുടെ തീരുമാനം ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിരിക്കും എന്നത് മത്സരാർത്ഥിയ്ക്ക് സ്വീകാര്യമായിരിക്കണം.

ഇന്ത്യൻ ഭരണകൂടത്തിന്റെ അതിർത്തിക്കുള്ളിൽ നിലവിലുള്ള എല്ലാ ദേശീയ, സംസ്ഥാന, തദ്ദേശ നിയമങ്ങളും നിയമവ്യവസ്ഥയും മത്സരത്തിനു ബാധകമായിരിക്കും. ഈ മത്സരത്തിൽ നിന്നുണ്ടാകാവുന്ന ഏതൊരു തർക്കത്തിനുമുള്ള നിയമാധികാരം തിരുവനന്തപുരം ജില്ലയിലെ കോടതികളിൽ മാത്രമായിരിക്കും.

ഈ മത്സരവുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന ഏതൊരു തർക്കത്തിനും തീർപ്പു കൽപ്പിക്കുന്നത് സംസ്ഥാന ടൂറിസം വകുപ്പ് സെക്രട്ടറി ആയിരിക്കും. സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കും.

ഈ മത്സരത്തിൽ പങ്കെടുക്കുന്നതിലൂടെ കേരള ടൂറിസത്തിന്റെ പ്രൊമോഷണൽ/ മാർക്കറ്റിങ്ങ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന റോയൽറ്റി ഇല്ലാത്ത, പിൻവലിക്കാനാവാത്ത കൈമാറ്റം ചെയ്യാവുന്ന, പങ്കിടാവുന്ന, സ്ഥിരമായ, പരിഷ്ക്കരിക്കാവുന്ന, പുനരുപയോഗിക്കാവുന്ന ഫോട്ടോ കേരള ടൂറിസത്തിന് നൽകുന്നതിൽ വിരോധമില്ലെന്ന് മത്സരാർഥി ഇതിനാൽ സമ്മതിക്കുന്നു.

മത്സരത്തിന്റെ ഭാഗമായി സമർപ്പിച്ച തങ്ങളുടെ പേരുകൾ, വിലാസം അടക്കമുള്ള വ്യക്തിവിവരങ്ങൾ എന്നിവ കേരള ടൂറിസമോ കേരള ടൂറിസത്തിന്റെ ഐസിടി സൊലൂഷൻസ് പ്രൊവൈഡറോ മത്സരം നടത്തുന്നതിനായോ കേരള ടൂറിസത്തിന്റെ പ്രൊമോഷണൽ/ മാർക്കറ്റിങ്ങ് ആവശ്യങ്ങൾക്കായോ ഉപയോഗിക്കുന്നതിൽ മത്സരാർത്ഥികൾക്ക് വിരോധമില്ലെന്ന് ഇതിനാൽ സമ്മതിക്കുന്നു.

മത്സരത്തിന്റെ ഭാഗമായി മൂന്നാമതൊരാൾക്ക് ഉണ്ടാകാവുന്ന എന്തെങ്കിലും തരത്തിലുള്ള ബാധ്യതയ്ക്കോ നഷ്ടത്തിനോ, കേടുപാടുകൾക്കോ, ചെലവിനോ കേരള ടൂറിസമോ കേരള ടൂറിസത്തിന്റെ ഐസിടി സൊലൂഷൻസ് പ്രൊവൈഡറോ യാതൊരുവിധത്തിലും ഉത്തരവാദി അല്ലെന്നും ആയതിന്റെ നഷ്ടപരിഹാരത്തിന് ഉത്തരവാദികൾ തങ്ങൾ തന്നെയായിരിക്കുമെന്നും മത്സരാർത്ഥികൾ ഇതിനാൽ സമ്മതിക്കുന്നു.

1. വിജയികൾക്കുള്ള സമ്മാനങ്ങൾ

വ്യക്തിഗതം –കേരളത്തിനകത്ത് – മൂന്ന് വിജയികൾ – ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ.
സ്ഥാപനങ്ങൾ/സംഘടനകൾ – കേരളത്തിനകത്ത് – മൂന്ന് വിജയികൾ – ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ.
പ്രോത്സാഹന സമ്മാനങ്ങൾ – ഇരുവിഭാഗത്തിലും 10 വീതം – ആകെ 20 സമ്മാനങ്ങൾ.

വ്യക്തിഗതം – കേരളത്തിനു പുറത്ത് – മൂന്ന് വിജയികൾ – ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ.
സ്ഥാപനങ്ങൾ/സംഘടനകൾ – കേരളത്തിനകത്ത് – മൂന്ന് വിജയികൾ – ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ.
പ്രോത്സാഹന സമ്മാനങ്ങൾ – ഇരുവിഭാഗത്തിലും 10 വീതം – ആകെ 20 സമ്മാനങ്ങൾ.

ഇതുകൂടാതെ പങ്കെടുത്ത എല്ലാ മത്സരാർത്ഥികൾക്കും (മുകളിൽ പറഞ്ഞിട്ടുള്ള 52 സമ്മാനങ്ങൾക്ക് അർഹരായവർ ഒഴികെ) ഒരു സവിശേഷ ഓണസമ്മാനം ലഭിക്കുന്നതായിരിക്കും.

മത്സരത്തിൽ ഭാഗഭാക്കായതിന്റെ ഡിജിറ്റൽ സർട്ടിഫിക്കറ്റ് എല്ലാ മത്സരാർത്ഥികൾക്കും വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

മുകളിൽ പ്രഖ്യാപിച്ച സമ്മാനങ്ങൾക്കു പകരം പണം നൽകുന്നതല്ല.

ഈ മത്സരത്തിൽ പങ്കെടുക്കുന്നതിലൂടെ എല്ലാ മത്സരാർത്ഥികളും മുകളിൽ പറഞ്ഞിട്ടുള്ള നിയമാവലി അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ്. മത്സരവുമായി ബന്ധപ്പെട്ടുള്ള എല്ലാ കാര്യത്തിലും കേരള ടൂറിസത്തിന്റെ തീർപ്പ് അന്തിമമായിരിക്കും.